(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ടിൻ കല്ലാർ പദ്ധതിക്ക് അനുമതി നിഷേധിച്ച കേന്ദ്ര നടപടി

4 (*183) ശ്രീ. ലൂഡി ലൂയീസ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടിൻ കല്ലാർ പദ്ധതിക്കുള്ള അനുമതി കേന്ദ്ര ഗവൺമെന്റ് തടഞ്ഞത് എന്തടിസ്ഥാനത്തിലായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) പമ്പ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിനുള്ള ജലസംഭരണി സൃഷ്ടിക്കുന്നതുകൊണ്ട് വനനാശം സംഭവിക്കുമോ ? എങ്കിൽ എത്ര വനം നഷ്ടപ്പെടും ;

(സി) കേരളത്തിനുവേണ്ടി കേരളത്തിന്റെ വനം നഷ്ടപ്പെടുത്തുന്ന പദ്ധതിയ്ക്ക് അനുവാദം നൽകാതിരിക്കുകയും തമിഴ്നാടിന് വേണ്ടി കേരളത്തിന്റെ വനം നഷ്ടപ്പെടുത്തുന്നതിനെ അനുകൂലിക്കുകയും ചെയ്യുന്ന കേന്ദ്ര ഗവൺമെന്റിന്റെയോ ദേശീയ ജല വികസന ഏജൻസിയുടെയോ നയത്തിലുള്ള വൈരുദ്ധ്യം അവരുടെ ശ്രദ്ധയിൽപ്പെടുത്തിയോ ;

(ഡി) എങ്കിൽ അതിനു ലഭിച്ച മറുപടി എന്തെന്ന് വിശദീകരിക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ,

(എ) 1975-ലാണ്. ടിൻ കല്ലാർ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചത്. 1980-ൽ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് നിലവിൽ വന്നപ്പോൾ ഇക്കാര്യത്തിൽ ഫോറസ്റ്റ് ക്ലിയറൻസ് വേണ്ടിവന്നു. ടിൻ കല്ലാർ പദ്ധതി കാരണം ഏകദേശം 1200 ഹെക്ടർ വനഭൂമി (500 ഹെക്ടർ വനഭൂമി, 700 ഹെക്ടർ പ്ലാന്റേഷൻ) വെള്ളത്തിനടിയിൽ ആകുമെന്നതിനാൽ പദ്ധതിയ്ക്ക് വേണ്ട തുടർ നടപടികൾ എടുത്തിരുന്നില്ല. പകരം നഷ്ടപ്പെടുന്ന വനഭൂമിയുടെ അളവ് കുറച്ചുകൊണ്ട് 3 ചെറിയ പദ്ധതികൾക്ക് (ചെളിക്കല്ലാർ-25 മെഗാവാട്ട്, അച്ചൻകോവിൽ 30 മെഗാവാട്ട്, വാക്കല്ലാർ 20 മെഗാവാട്ട്) നടപടികൾ എടുത്തു വരികയാണ്.

(ബി) ടി പദ്ധതി നടപ്പിൽ വന്നാൽ കേരളത്തിലെ നിബിഡ വനവും, തേക്കിൻ തോട്ടവും കൃഷിസ്ഥലങ്ങളും ഉൾപ്പെടെ 2004 ഹെക്ടർ ഭൂപ്രദേശം വെള്ളത്തിനടിയിൽ ആകും എന്നാണ് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് മാനേജുമെന്റ് (സി. ഡബ്ല്യു. ആർ. ഡി. എം.) നടത്തിയ പഠന റിപ്പോർട്ടിൽ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഈ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ ഇത്രയും ഭൂപ്രദേശം വെള്ളത്തിനടിയിലാകുമെന്നും സംസ്ഥാനത്തെ ഏതാണ്ട് 12-ഓളം കുടിവെള്ള പദ്ധതിയിലെ മാലിന്യങ്ങളും 37000 ഹെക്ടർ കൃഷിയെ ബാധിക്കുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിന്റെ ടാസ്ക് ഫോഴ്സ് ഓൺ ഇന്റർ ലിങ്കിംഗ് ഓഫ് റിവേഴ്സ് ചെയർമാനെ അറിയിച്ചിട്ടുണ്ട്. കൂടാതെ പമ്പ-അച്ചൻകോവിൽ നദികളിൽ അധിക ജലം ഇല്ലെന്നും ആയതിനാൽ ദേശീയ ജല വികസന ഏജൻസിയുടെ നിർദ്ദേശത്തിന് സംസ്ഥാന സർക്കാർ എതിരാണെന്നും കൂടി അറിയിച്ചിട്ടുണ്ട്. ഇക്കാര്യം നേരത്തെ തന്നെ സർക്കാർ ദേശീയ ജല വികസന ഏജൻസിയേയും അറിയിച്ചിരുന്നു.

പുതിയ ശുദ്ധജലവിതരണ പദ്ധതികൾ

5 (*184) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണകുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം പുതിയ ശുദ്ധജലവിതരണ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പിന്നോക്ക ജില്ലകളെ ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എന്നറിയിക്കാമോ ;

(ഡി) മുടങ്ങികിടക്കുന്ന പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ,

(എ) ഉണ്ട്.

(ബി) 2001 ലും 2002 ലും സ്റ്റേറ്റ് ലവൽ സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളും എൽ.ഐ.സി. /ഹഡ്കോ എന്നിവയുടെ ധനസഹായത്തോടെയും അല്ലാതെയും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളും (അനുബന്ധം എ) യിൽ കൊടുത്തിരിക്കുന്നു.*

വിവിധ ജില്ലകളിലായി ജെ. ബി. ഐ. സി. സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിരുന്ന പദ്ധതികളിൽ, 8 പുതിയ പദ്ധതികൾക്ക് നബാർഡ് റീജിയണൽ ഓഫീസിന്റെ ക്ലിയറൻസ് ലഭിക്കുകയും അവ ലോൺ സാംഗ്ഷനു വേണ്ടി ഹെഡ് ഓഫീസിലേയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ലോൺ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly